നം. **DDKZD/269/2025-C B**

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ (പി.ഒ)
കോഴിക്കോട്- **673 020.**
ഫോൺ :**0495 2371254.**
**e-mail: dd-kkd.dairy@kerala.gov.in**
തീയതി:- **08-05-2025**

ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്.

ഡയറക്ടർ,
ക്ഷീര വികസന വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- ക്ഷീര വികസന വകുപ്പ് – കോഴിക്കോട് – വാർഷിക പദ്ധതി **2025-26** – മിൽക്ക് ഷെഡ് വികസന പദ്ധതി - വുമൺ കാറ്റിൽ കെയർ വർക്കർമാരെ നിയോഗിക്കുന്നത് - ഇന്റർവ്യൂ തീയതിയിലെ മാറ്റം സംബന്ധിച്ച പുതുക്കിയ നോട്ടീസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. അങ്ങയുടെ **26-04-2025**-ലെ **DDDKER/1765/2025-D3** നമ്പർ കത്ത്.
2. ഈ ഓഫീസിലെ **03-05-2025**- ഇതേ നമ്പർ കത്ത്.

**2025-26** വർഷത്തിൽ വുമൺ കാറ്റിൽ കെയർ വർക്കർമാരെ നിയോഗിക്കുന്നത് സംബന്ധിച്ച നോട്ടീസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് മേൽ സൂചന (1) പ്രകാരം നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം നോട്ടീസ് ഈ ഓഫീസിൽ നിന്നും അയച്ചുനൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത നോട്ടീസിൽ അറിയിച്ച **20-05-2025**-ലെ ഇന്റർവ്യൂ **17-05-2025**-ലേക്ക് മാറ്റേണ്ട സാഹചര്യമുള്ളതിനാൽ പുതുക്കിയ തീയതി അറിയിച്ചുകൊണ്ടുള്ള കോഴിക്കോട് ജില്ലയുടെ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം സമർപ്പിക്കുന്നു.

**വിശ്വസ്തതയോടെ,**

Signed by
Surekha Nair
Date: 08-05-2025 14:46:14

**ഡെപ്യൂട്ടി ഡയറക്ടർ**
**പെൻ-612042**

ഉള്ളടക്കം :- പുതുക്കിയ നോട്ടീസ്.

നം. DDKZD/269/2025-C B

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ (പി.ഒ)
കോഴിക്കോട്- 673 020.
ഫോൺ :0495 2371254.
e-mail: dd-kkd.dairy@kerala.gov.in
തീയതി:- 08-05-2025

## നോട്ടീസ്

ക്ഷീര വികസന വകുപ്പിന്റെ 2025-26 വർഷത്തെ മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നതിന് ബ്ലോക്കുതല ഉദ്യോഗസ്ഥരെ സഹായിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ഓരോ ബ്ലോക്കിൽ നിന്നും പ്രതിമാസം 8,000/- രൂപ പ്രതിഫലത്തിൽ പരമാവധി 10 മാസത്തേക്ക് **വുമൺ കാറ്റിൽ കെയർ വർക്കർമാരായി** കരാർ അടിസ്ഥാനത്തിൽ നിയുക്തരാകാൻ താല്പര്യമുള്ള **വനിതകളിൽ നിന്നും** അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ 14-05-2025-ന് ബുധനാഴ്ച വൈകുന്നേരം 3 മണിക്ക് മുമ്പായി ബന്ധപ്പെട്ട ബ്ലോക്കിലെ ക്ഷീര വികസന ഓഫീസർക്കു മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | പ്രായ പരിധി (01-01-2025-ന്) | 18 മുതൽ 45 വരെ |
| 2. | വിദ്യാഭ്യാസ യോഗ്യത | കുറഞ്ഞത് എസ്.എസ്.എൽ.സി. |
| 3. | കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം | |
| 4. | വുമൺ കാറ്റിൽ കെയർ വർക്കർമാരായി മുമ്പ് സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് ആ സേവന കാലയളവ് പ്രായ പരിധിയിൽ നിന്നും ഇളവ് ഉണ്ടായിരിക്കുന്നതും, പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതുമാണ്. | |

അപേക്ഷകരുടെ ചുരുക്ക പട്ടിക 15-05-2025-ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി അതാതു ബ്ലോക്കുകളിലെ ക്ഷീര വികസന യൂണിറ്റ് ഓഫീസുകളിൽ പ്രസിദ്ധീകരിക്കുന്നതും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവരുടെ കൂടിക്കാഴ്ച താഴെ പറയും പ്രകാരം കോഴിക്കോട് സിവിൽ സ്റ്റേഷനിലുള്ള ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് അറിയിപ്പുകൾ ഇല്ലാതെ നടത്തുന്നതുമാണ്.

| ഇന്റർവ്യൂ തീയതി | സമയം | ബ്ലോക്ക് |
|---|---|---|
| 17-05-2025 | 10 AM to 11 AM | കുന്ദമംഗലം |
| | 11 AM to 12 Noon | ചേളന്നൂർ |
| | 12 Noon to 1 PM | ബാലുശ്ശേരി |
| | 1 PM to 2 PM | കൊടുവള്ളി |
| | 2 PM to 3 PM | കോഴിക്കോട് |
| | | |

| | | |
|---|---|---|
| 19-05-2025 | **10 AM to 11 AM** | തൂണേരി |
| | **11 AM to 12 Noon** | കുന്നുമ്മൽ |
| | **12 Noon to 1 PM** | വടകര |
| | **1 PM to 2 PM** | പന്തലായനി |
| | **2 PM to 3 PM** | പേരാമ്പ്ര |
| | **3 PM to 4 PM** | തോടന്നൂർ |
| | **4 PM to 5 PM** | പയ്യോളി |

തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയുടെ പേര് **19-05-2025**-ന് വൈകുന്നേരം **6** മണിക്ക് മുമ്പായി പ്രസിദ്ധീകരിക്കുന്നതാണ്.

തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ അതാത് ക്ഷീര വികസന ഓഫീസർക്ക് മുമ്പാകെ നിർദ്ദിഷ്ട മാതൃകയിൽ കരാർ പത്രിക നൽകേണ്ടതും നടുവട്ടം ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് നടക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുമാണ്.

കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോമിന്റെ മാതൃകയ്ക്കും ബ്ലോക്കുതല ക്ഷീര വികസന യൂണിറ്റ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

Signed by
Surekha Nair
Date: 08-05-2025 14:43:48
ഡെപ്യൂട്ടി ഡയറക്ടർ
പെൻ ; **612042**